CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**MUSIC FOR LIFE**

Track - 05

# ജീവിതമൊരു നീർപ്പോളയല്ലയോ

രചന : Kannadi Vijayaprakash   സംഗീതം : Jerry Amaldev
ആലാപനം : Joseph J. Palackal

ജീവിതമൊരു നീർപ്പോളയല്ലയോ
അതിൻ ആയുസ്സ് നിമിഷങ്ങളല്ലയോ (ജീവിതമൊരു)
സിംഹാസനത്തിനായ് മോഹിച്ചലയും
മനുഷ്യാ നീയിത് ഓർക്കുന്നുണ്ടോ (ജീവിതമൊരു)

ആ .... ആ .... ആ .....
ആ .... ആ .... ആ .....
മേടയിൽ വാണാലും ഓടയിലായാലും
ആറടി മണ്ണേ നിനക്ക് സ്വന്തം (മേടയിൽ)
പട്ടുനൂലാടയും സ്വർണ്ണാഭരണവും
ചുടലക്കളംവരെ നിനക്കു സ്വന്തം
മനുഷ്യാ നീയിത് ഓർക്കുന്നുണ്ടോ (ജീവിതമൊരു)

ആ .... ആ .... ആ .....
ആ .... ആ .... ആ .....
വ്യർത്ഥ മോഹങ്ങളാൽ നീ പടുത്തുയർത്തും
മൺകൂന കാറ്റിൽ തകർന്നുവീഴും (വ്യർത്ഥ മോഹങ്ങളാൽ)
മനസ്സിലെ സ്നേഹത്താൽ ദേവാലയത്തിലെ (2)
മണിനാദം എന്നും അലയടിക്കും
മനുഷ്യാ നീയിത് ഓർക്കുന്നുണ്ടോ (ജീവിതമൊരു)

www.TheCMSIndia.org

For further details please visit

http://thecmsindia.org/directory-of-christian-songs-index